ഉത്തരം

(എ) 2002 മേയ് മാസത്തിൽ എടുത്ത സെൻസസ് പ്രകാരം കേരള സംസ്ഥാനത്ത് 6939 കാട്ടാനകൾ ഉള്ളതായി കണക്കാക്കിയിരുന്നു. ഇതിൽ 2229 എണ്ണം കൊമ്പനാനകളും 3920 എണ്ണം പിടിയാനകളും ആണ്. 790 ആനകൾ ഏത് വിഭാഗത്തിലാണെന്ന് നിജപ്പെടുത്താൻ സാധിച്ചിട്ടില്ല.

(ബി) ഇക്കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ 12 കാട്ടാനകൾ വേട്ടയാടലിലും 25 കാട്ടാനകൾ അപകടങ്ങളിലുമായി കൊല്ലപ്പെട്ടിട്ടുണ്ട്. ഇതിൽ 19 കൊമ്പനാനകൾ ഉൾപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ 23 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 31 പ്രതികളെ പിടികൂടിയിട്ടുണ്ട്.

(സി) 15 ആനക്കൊമ്പ് മോഷണവസ്തുക്കൾ പിടി കൂടിയിട്ടുണ്ട്. ഇതിൽ അഞ്ചുകേസ്സുകൾ കോടതിയിൽ ചാർജ് ചെയ്തിട്ടുണ്ട്. ഒരു കേസ് കണ്ടുകെട്ടലിന് വിധേയമാക്കിട്ടുണ്ട്. ബാക്കി കേസ്സുകളിൽ അന്വേഷണം നടന്നുവരുന്നു.

(ഡി) കേരളത്തിൽ ഇക്കഴിഞ്ഞ 5 വർഷത്തിനിടയിൽ 66 ആനകൾ കൊല്ലപ്പെടുകയും, 182 ആനകൾക്ക് സ്വാഭാവിക മരണം സംഭവിക്കുകയും ചെയ്തു.

മെരുക്കിയ ആനകളുടെ പരിപാലനം

97 (4137) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെരുക്കിയ ആനകളുടെ പരിപാലനം ഏതു വിധത്തിലായിരിക്കണമെന്ന് എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ എന്ത് നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു ;

(ഡി) സംസ്ഥാനത്ത് നിലവിൽ മെരുക്കപ്പെട്ട എത്ര ആനകൾ ഉണ്ടെന്ന് പറയുമോ ;

(ഇ) ആനകളെ ക്ഷേത്രങ്ങളിൽ നടയ്ക്കിരുത്തുന്നതിനുള്ള നടപടിക്രമമെന്താണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2003-ൽ പ്രാബല്യത്തിൽ വന്ന നാട്ടാനകളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായുള്ള ചട്ടങ്ങൾ അനുസരിച്ച് ആനകളുടെ ഭക്ഷണക്രമം, ജോലിഭാരം, യാത്ര, പരിപാലനം, റിട്ടയർമെന്റ്, പാപ്പാൻമാരുടെ നിയമനം, ആരോഗ്യപരിപാലനം എന്നിവയ്ക്ക് വിശദമായ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ട ചില ചട്ടങ്ങൾ താഴെപ്പറയുന്നവയാണ്.

1. എല്ലാ ആനകൾക്കും മൂന്നുവർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയമുള്ള പാപ്പാൻ ഉണ്ടായിരിക്കണം. പാപ്പാനെ സഹായിക്കാൻ ഒരു രണ്ടാം പാപ്പാനും ഉണ്ടായിരിക്കണം.

2. പാപ്പാൻമാർക്ക് വനം വകുപ്പ് ഏർപ്പെടുത്തുന്ന പരിശീലന പ്രവർത്തനങ്ങളിൽ അവരെ പങ്കെടുപ്പിക്കാൻ ആന ഉടമസ്ഥർ ബാദ്ധ്യസ്ഥരാണ്.

3. മദപ്പാടുള്ള ആനകളെ ഒരുവിധ ജോലിക്കും ഉപയോഗിക്കാൻ പാടില്ല.

4. നൈലോൺ കയർ, മുൾച്ചങ്ങല എന്നിവ ഉപയോഗിച്ച് ആനകളെ ബന്ധിക്കരുത്.

5. എല്ലാ ആനകളേയും ദിവസത്തിൽ ഒരു നേരമെങ്കിലും കുളിപ്പിച്ചിരിക്കണം.

6. ആന ഉടമസ്ഥർ ഓരോ ആനയ്ക്കും വാക്സിനേഷൻ, മൃഗഡോക്ടറുടെ പരിശോധന, ജോലി, ഭക്ഷണക്രമം എന്നിവയെ സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

7. പതിവായി മൃഗഡോക്ടറുടെ സേവനം ഉപയോഗിച്ച് ആനയെ പരിശോധിക്കേണ്ടതും, ആനയെ മാർച്ച് ചെയ്യിക്കുന്നതിനു മുമ്പ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കേണ്ടതുമാണ്.

8. ആനകളുടെ വലിപ്പമനുസരിച്ച് നിഷ്കർഷിച്ചിട്ടുള്ള അളവിൽ കുറയാത്ത തീറ്റ നൽകുകയും ജോലിഭാരം ക്രമപ്പെടുത്തുകയും വേണം.

9. ആനകളെ ദിവസത്തിൽ 30 കി. മീ. കൂടുതൽ ദൂരം നടത്താൻ പാടുള്ളതല്ല. ദൂരം കൂടുതലാണെങ്കിൽ ട്രക്കുകൾ ഉപയോഗിച്ച് കൊണ്ടുപോകേണ്ടതാണ്.

10. രാത്രികാലങ്ങളിൽ നടത്തുന്ന ആനകൾക്ക് മുൻവശത്തും പിൻവശത്തും റിഫ്ളക്ടേഴ്സ് ഘടിപ്പിച്ചിരിക്കണം.

11. ഉച്ചവെയിലിൽ ടാർ റോഡിലൂടെ ആനകളെ കൂടുതൽ ദൂരം നടത്തിക്കരുത്.

12. 65 വയസ്സിൽ റിട്ടയർമെന്റ് നൽകിയിരിക്കണം.

(സി) ചട്ടങ്ങൾ ലംഘിക്കുന്നത് വന്യജീവി സംരക്ഷണ നിയമത്തിന്റെ ലംഘനമാകയാൽ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കണക്ക് ശേഖരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നടപടിക്രമങ്ങൾ നിശ്ചയിക്കുന്നത് അതാത് ക്ഷേത്രങ്ങളാണ്. എന്നാൽ നിയമാനുസൃതരേഖകൾ ഉള്ള ആനകളെ മാത്രമേ നടയ്ക്കിരുത്താൻ വന്യജീവിസംരക്ഷണ നിയമമനുസരിച്ച് വനം വകുപ്പ് അനുമതി നൽകാറുള്ളു.

'മിരിസ്റ്റിക സ്വാമ്പ്സ്' എന്ന ചതുപ്പു പ്രദേശങ്ങളുടെ സംരക്ഷണം

98 (4138) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'മിരിസ്റ്റിക സ്വാമ്പ്സ്' എന്ന പ്രത്യേക ഇനം ചതുപ്പു പ്രദേശങ്ങൾ സംസ്ഥാനത്ത് ഏതൊക്കെ പ്രത്യേക വനമേഖലകളിലാണുള്ളത് ; ഇത് പ്രത്യേക വനമേഖലയായി കണ്ടെത്തി നിർണ്ണയിച്ചിട്ടുണ്ടോ ; എങ്കിൽ ഇത്തരം ആകെ എത്ര ഹെക്ടർ പ്രദേശം ഏതൊക്കെ വന ഡിവിഷനുകളിലായി ഉണ്ട് ; ഏതൊക്കെ ഇനം വൃക്ഷങ്ങളാണ് ഇത്തരം വനമേഖലകളിൽ കാണപ്പെടുന്നത് ;

(ബി) ഇത്തരം ചതുപ്പുകളുടെ പാരിസ്ഥിതിക പ്രാധാന്യം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഇവയെക്കുറിച്ച് വനം വകുപ്പ് പ്രത്യേക പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) പരിസ്ഥിതി പ്രാധാന്യമുള്ളതും വംശനാശഭീഷണി നേരിടുന്നതുമായ ഇത്തരം ചതുപ്പുകളുടെ സംരക്ഷണത്തിനായി എന്തെങ്കിലും പദ്ധതിക്കു രൂപം നൽകിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മിരിസ്റ്റിക സ്വാമ്പ്സ് എന്ന പ്രത്യേകയിനം ചതുപ്പു പ്രദേശങ്ങൾ തിരുവനന്തപുരം, ഡിവിഷനിലെ ശാസ്താംനട, ചണ്ണമല, കണ്ണൂർ ഡിവിഷനിൽ മട്ടന്നൂരിനടുത്ത് പൂങ്ങോട്ടുകാവ് എന്നീ വനമേഖലകളിലാണ് കാണപ്പെടുന്നത്. മേൽ പ്രസ്താവിച്ചതായ സ്ഥലങ്ങളിൽ ശാസ്താംനടയിൽ 50 ഹെക്ടർ ചണ്ണമലയിൽ 40 ഹെക്ടർ പൂങ്ങോട്ടുകാവിൽ 13.36 ഹെക്ടർ സ്ഥലത്ത് ഇത്തരം വനപ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. മിരിസ്റ്റിക ബഡോമി, മിരിസ്റ്റിയ അറ്റുനാറ്റ, മിരിസ്റ്റിക്ക മാഗനിവിക്ക വെള്ളപൈൻ, പാലി തുടങ്ങിയ ഇനങ്ങളും മറ്റു നിത്യഹരിത വനങ്ങളിൽ കാണുന്ന സസ്യങ്ങളും കണ്ടു വരുന്നു.

(ബി) ഇത്തരം ചതുപ്പുകളിലെ സസ്യങ്ങൾ ശ്വസിക്കുന്നത് വേരുകൾ രൂപാന്തരപ്പെടുത്തി Knee bend എന്നറിയപ്പെടുന്ന വേരുകൾ വഴിയാണ്. ഇവ പ്രാദേശിക ആവാസ വ്യവസ്ഥയുടെ ഭാഗം കൂടിയാണ് ഇതേക്കുറിച്ച് കൂടുതൽ പഠനങ്ങൾ നടത്തിയിട്ടില്ല.

(സി) ഇവയെക്കുറിച്ച് വനം വകുപ്പ് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല.

(ഡി) കേരള ഫോറസ്ട്രി പ്രോജക്ടിന്റെ കീഴിൽ 'സ്പെഷ്യർ ഹാബിറ്റാറ്റ് മാനേജ്മെന്റ്' പദ്ധതിയിലുൾപ്പെടുത്തി സംരക്ഷിച്ചു വരുന്നതോടൊപ്പം അഗ്നി പ്രതിരോധം, മണ്ണ്- ജല സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. കൂടാതെ കണ്ണൂർ ഡിവിഷനിൽ ഇരിട്ടി ഇക്കോടൂറിസം പദ്ധതിയിലുൾപ്പെടുന്ന പൂങ്ങോട്ടുകാവ് വനമേഖലയിലുള്ള ചതുപ്പുകളുടെ സംരക്ഷണത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly